കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുപുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.1/357 /2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 25.04.2019

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

ചെറുപുഴ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: ചെറുപുഴ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

---------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)
3. കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ./സി.1/357/2019. തീയതി : 25.04.2019

## കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

*********

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 13-9-2017 മുതൽ 6-8-2018 വരെ വിവിധ ഇനങ്ങളിലായി ഗ്രാമപഞ്ചായത്ത് നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ശശികുമാർ.എം.പി.,<br>ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19-2-2019 മുതൽ 2-3-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | 1.ശ്രീ.ഷാജു തോമസ്,<br>അസി.ഓഡിറ്റ് ഓഫീസർ |
| | | 2.ശ്രീമതി റീന പിട്ടൻ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | | 3.ശ്രീ.പ്രമോദ്.കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജമീല കോളയാത്ത് | 1-4-2017 മുതൽ 2-9-2017 വരെ |
| | | 3-9-2017 മുതൽ 26-9-2017 വരെ (ഒഴിവ്) |
| | ശ്രീമതി.കൊച്ചുറാണി ജോർജ് | 27-9-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.ഒ.എം.ജോർജ് | 1-4-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജയരാജൻ നായർ | 1-4-2017 മുതൽ31-3-2018വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി.പ്രസീത. കെ. കെ. പി. | 1-4-2017 മുതൽ 4-1-2018 വരെ |
| | ശ്രീ.വാമനൻ പി | 5-1-2018മുതൽ31-3-2018വരെ |
| വി.ഇ.ഒ | ശ്രീ.വിവേക് ഭാസ്കരൻ | 1-4-2017 മുതൽ31-3-2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അഭിലാഷ് എ. | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നിമ എൻ. | 1-4-2017 മുതൽ 31-3-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ചന്തുക്കുട്ടി വീരാച്ചേരി | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.വിശ്വലക്ഷ്മി എൽ | 1-4-17 മുതൽ 31-3-18 വരെ |
| അസി.സെക്രട്ടറി | ശ്രീമതി കൗസല്യ എസ്.എം. | 1-4-2017 മുതൽ 31-3-2018വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.പ്രീതി പി | 1-4-17 മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ലൂസി സി. ഡി.<br>ശ്രീമതി. സതി സി. | 1-4-2017 മുതൽ 30-11-2017വരെ<br>1-12-2017 മുതൽ 31-3-2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-12 |
| | ഭാഗം 2-വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | മാന്വൽ രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല. | 2-1 |
| 14 | ഡി&ഒ ലൈസൻസ് നൽകുന്നതിലെ അപാകങ്ങൾ | 2-2 |
| | ഭാഗം 3-ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 15 | പഞ്ചായത്ത് ഓഫീസിൽ കിയോസ്ക്-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-1 |

| | | |
|---|---|---|
| 16 | തെരുവ് വിളക്ക് റിപ്പയർ- പദ്ധതി നിർവ്വഹണം – അപാകങ്ങൾ- 1,14,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| 17 | അപ്പാരൽ പാർക്ക് (വനിത)- പ്രവർത്തികമായില്ല. | 3-3 |
| 18 | സർക്കാർ പരസ്യങ്ങൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-4 |
| 19 | സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരി ക്കേണ്ടതാണ്. | 3-5 |
| 20 | ഭവന പുനരുദ്ധാരണം-രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 60,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 21 | സാംസ്കാരിക നിലയങ്ങൾക്ക് ടി വി, ഫർണിച്ചർ വാങ്ങി നൽകൽ - രേഖകൾ ഹാജരാക്കിയില്ല - 2,66,174/- രൂപ തടസ്സപ്പെടുത്തുന്നു. | 3-7 |
| 22 | പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി അപാകതകൾ – 10 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 23 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-9 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3-10 |
| 25 | എസ്.എസ്.എ. പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-11 |
| 26 | രേഖകൾ ലഭ്യമാക്കിയില്ല – 7,78,472/- രൂപ തടസ്സപ്പെടുത്തുന്നു. | 3-12 |
| 27 | പെയിൻ & പാലിയേറ്റീവ് പരിചരണം – സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 3-13 |
| 28 | കൺവീനർ മുഖാന്തിരം നടപ്പാക്കിയ പ്രവൃത്തികളിലെ | 3-14 |

| | | |
|---|---|---|
| | അപാകങ്ങൾ – വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | |
| 29 | കാനം വയൽ പുഴയ്ക്ക് കുറുകെ പാലം നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-15 |
| 30 | ബിറ്റുമിൻ വാങ്ങൽ- 96,369/- രൂപ ഇപ്പോഴും ബി പി സി എൽ കമ്പനിയുടെ പക്കൽ-തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-16 |
| 31 | കരാർ ഒപ്പിടാൻ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല | 3-17 |
| 32 | മരാമത്ത് പ്രവൃത്തി – പൊതു അപാകതകൾ | 3-18 |
| | ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപം | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് ഇംപാക്ട് | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

| | | |
|---|---|---|
| 45 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 46 | ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27-3-2017 ലെ നമ്പർ 80/17 നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള തുകകൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് പ്രകാരമുള്ള വരവ്- ചെലവ് | |
|---|---|
| മുന്നിരിപ്പ് | 19162581 |
| വരവ് | 107399619 |
| ആകെ | 126562200 |
| ചെലവ് | 105062480 |
| നീക്കിയിരിപ്പ് | 21499720 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് തീരുമാനമെടുത്തതായി കാണുന്നുണ്ടെങ്കിലും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ പരിഗണിച്ചതായോ ചർച്ചചെയ്തതായോ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കാൻ

നടപടിയെടുക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2018 | 23-05-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 26-06-2018 മുതൽ 27-06-2018 | കെ എസ് എ കെ എൻ ആർ സി1-1339/2018 തീയതി 16-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 44675697.23 |
| വരവ് | 106865790 |
| ആകെ | 151541487.23 |
| ചെലവ് | 134092722 |
| നീക്കിയിരിപ്പ് | 17448765.23 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 27617539 | 27617539 | 27475976 | 141653 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5600578 | 5600578 | 5589589 | 10989 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11861549 | 11861549 | 10320157 | 2565248 |
| മെയിന്റനൻസ്,നോൺ-റോഡ് (ACR പ്രകാരം) | | 0 | 5841395 | 5841395 | 5621993 | 219402 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11861549 | 11861549 | 11837319 | 24230 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 6806419 | 6806419 | 5435878 | 1370541 |
| സാക്ഷരത | | 33231.96 | 1264 | 34495.96 | 115 | 34380.96 |
| ദുരിതാശ്വാസനിധി | | 27531 | 27581 | 55112 | 38000 | 17112 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 23740952 | 23740952 | 23740952 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 1386.27 | 1152427 | 1153813.27 | 1133567 | 20246.27 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 151650 | 770000 | 921650 | 770000 | 151650 |
| | ജില്ലാ പഞ്ചായത്ത് | 1265000 | 2608147 | 3873147 | 1397621 | 2475526 |
| ബി ഫണ്ട് | തൊഴിലില്ലായ്മ വേതനം | 0 | 35520 | 35520 | 35520 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 33344500 | 33344500 | 33344500 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | കർഷക തൊഴിലാളി പെൻഷൻ | 0 | 9997000 | 9997000 | 9997000 | 0 |
| | വിധവാപെൻഷൻ | 0 | 11913500 | 11913500 | 11913500 | 0 |
| | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 604400 | 604400 | 604400 | 0 |
| | വികലാംഗ പെൻഷൻ | 0 | 4320700 | 4320700 | 4320700 | 0 |
| | വിധവകളുടെ പെൺ മക്കൾക്കുള്ള ധനസഹായം | 0 | 420000 | 420000 | 420000 | 0 |
| | ജനറൽ പർപ്പസ് ഫണ്ട്+മറ്റ് വരവുകൾ | 28703182 | 11604000 +5282540 | 45589722 | 41935041 | 3654681 |
| | തനത് ഫണ്ട് | 12220990 | 14667698 | 26888688 | 12975434 | 13913254 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 277 | 123252329 | 274 | 73617674 | 70 | 3 | 73.65 |

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതികൾക്ക് ആകെ പദ്ധതി ചെലവിന്റെ നിർവ്വഹണോദ്യോഗസ്ഥർ തിരിച്ചുള്ള വിശദവിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചവ | ആരംഭിച്ചവ | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 18 | 15 | 83.33 | 8076333 | 4915709 | 60.87 |
| കൃഷി ഓഫീസർ | 6 | 6 | 100 | 6197305 | 4652885 | 75.08 |
| വെറ്റിനറി | 5 | 5 | 100 | 6182267 | 2932267 | 47.43 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 3 | 3 | 100 | 1810000 | 1777934 | 98.23 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100 | 900000 | 900000 | 100 |
| വി ഇ ഒ | 11 | 10 | 90.91 | 7391228 | 6753908 | 91.38 |
| ഐസിഡിഎസ് സൂപ്പർ വൈസർ | 6 | 6 | 100 | 6557100 | 6164934 | 94.02 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 208 | 154 | 74.04 | 77618978 | 37510857 | 48.33 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 100 | 3503432 | 3001174 | 85.66 |
| ഹെഡ് മാസ്റ്റർ | 8 | 8 | 100 | 1672030 | 1664350 | 99.54 |
| ഡയറി ഫാം | 1 | 1 | 100 | 3343656 | 3343656 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 277 | 219 | 79.06 | 123252329 | 73617674 | 59.73 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| പ്രോജക്ട് നമ്പർ | അടങ്കൽ |
|---|---|
| 42/18 | 100000 |
| 126/18 | 61000 |
| 174/18 | 190000 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1386.27 | 1152427 | 1153813.27 | 1133567 | 20246.27 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23740952 | 23740952 | 23740952 | 0 |
| | 1386.27 | 24893379 | 24894765.27 | 24874519 | 20246.27 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35520 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 9997000 | 820 |
| വിധവാപെൻഷൻ | 11913500 | 965 |
| വാർദ്ധക്യകാലപെൻഷൻ | 33344500 | 2543 |
| വികലാംഗപെൻഷൻ | 4320700 | 368 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 604400 | 49 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-2-2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12436 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-12-2018 | 11/2018 മാസം | 13-12-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-2-2011 മുതൽ 17-2-2011 വരെ | 2005-06 മുതൽ 2009-2010 വരെ | 16-3-2011 |

## 1-11 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജീവനക്കാർക്ക് കൃത്യമായ ചുമതലാ വിഭജനം ഓഫീസ് ഓർഡർ പ്രകാരം നടത്തിയിട്ടുണ്ട്. എല്ലാമാസവും ഒന്നിലധികം തവണ ജീവനക്കാരുടെ യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ കൃത്യമായി ജീവനക്കാർക്ക് നൽകിവരുകയും ചെയ്യുന്നുണ്ട്.

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1 വാർഷിക കണക്കുപ്രകാരമുള്ള തൻവർഷ വസ്തുനികുതി ഡിമാൻറ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ ,സോഫ്റ്റ് വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2 വാർഷിക കണക്ക പ്രകാരമുള്ള വസ്തുനികുതി കുടിശിക ഡിമാൻറ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാൻറ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല

3 മുൻ വർഷത്തേതുൾപ്പെടെ ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ ബി 11ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അസറ്റ് മാനേജ്മെൻറിനുവേണ്ടി ഉപയോഗിക്കുന്നത് സചിത്ര സോഫ്റ്റ് വെയറാണ്. പ്രസ്തുത സോഫ്റ്റ് വെയർ സാംഖ്യ സോഫ്റ്റ് വെയറുമായി ബന്ധപ്പെടുത്തിയിട്ടില്ല. ആയതിനാൽ സചിത്രപ്രകാരം ആസ്തിയിൽ ചേർക്കുന്ന മൂല്യവും ഡിപ്രീസിയേഷൻ ചാർജസും അസറ്റ് രജിസ്റ്ററിൽ പ്രതിഫലിക്കുന്നില്ല.

4 താഴെ ചേർക്കുന്ന അക്കൗണ്ടുകളുടെ തുക എ എഫ് എസ്(B-17,RP40(a), ബാങ്ക് ബുക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാങ്ക് അക്കൗണ്ട് | എ എഫ് എസ് പ്രകാരമുള്ള തുക | ബാങ്ക് ബുക്ക് പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| എസ് ബി ഐ കറൻറ് അക്കൗണ്ട് | 45258 | 45698 | 400 |
| എസ് ബി ഐ MP Charles Dias അക്കൗണ്ട് | 1304 | 1280.40 | 23.60 |

വ്യത്യാസത്തിൻെറ കാരണം വിശദീകരിച്ചിട്ടില്ല.

5 വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല

6 വാർഷിക കണക്കിലെ B-7 പട്ടികയനുസരിച്ച് ബാലൻസ് ഷീറ്റിൽ ആകെ ഡിപ്പോസിറ്റ് വരവ് 2314009 രൂപയാണ്. എന്നാൽ ഡിപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആകെ ഡിപ്പോസിറ്റ് 2277326 രൂപയാണ്. റിട്ടൻഷൻ തുക 33683 രൂപ രജിസ്റ്ററിൽ വരവ് വച്ചിട്ടില്ലാത്തതാണ് വ്യത്യാസത്തിന് കാരണം.

7 ബാലൻസ് ഷീറ്റിൽ B- 9 പട്ടികയിൽ വാറ്റിനത്തിൽ ബാധ്യതയായി 77972 രൂപ കാണിച്ചിട്ടുണ്ടെങ്കിലും അതിൻെറ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ കൃത്യത പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല

8 ബാലൻസ് ഷീറ്റിൽ B-3 യിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷനായി ചേർത്തിരിക്കുന്നത് 80155203 രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ വേണ്ട തുക 89059154 ആണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

2016-17 AFS ലെ B3 പ്രകാരം തുക 67055910

2017-18 AFS ലെ RP 40പ്രകാരം തുക 1602910

2017-18 AFSലെ RP 38പ്രകാരം തുക 20400334

ആകെ 89059154

9 മുൻകൂർ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ B -18 പട്ടികയിൽ ചേർത്തിട്ടുള്ള ഇനങ്ങളായ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകിയ തുക (250000 രൂപ ), നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ തുക 247386 രൂപ) എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10 2017-18 ൽ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ലൈഫ് മിഷൻ പദ്ധതിയ്ക്കായി ലഭിച്ച 1189491 രൂപ തൻവർഷം ചെലവഴിയ്ക്കാത്തതിനാൽ നീക്കിയിരിപ്പുള്ളതായി ബാലൻസ് ഷീറ്റിൽ B4 ൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചതായാണ് സുലേഖ സ്റ്റേറ്റ്മെന്റിൽ കാണിച്ചത്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മാന്വൽ രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടം അധ്യായം 2-ൽ 4(3) അക്കൗണ്ട് പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോപേജും ക്രമമായി നമ്പരിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗം രസീത് ബുക്കുകളും ഉപയോഗിക്കുന്നത് സാക്ഷ്യപ്പെടുത്താതെയാണ്. മേൽ കാണിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

## 2-2 ഡി&ഒ ലൈസൻസ് നൽകുന്നതിലെ അപാകങ്ങൾ

1) ചെറുപുഴ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വ്യവസായികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പേര് വിവരങ്ങളടങ്ങിയ രജിസ്റ്റർ (ട്രേഡേഴ്സ് ലിസ്റ്റ്) വാർഡ് തലത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്നുണ്ടെന്നും അവ എല്ലാം ലൈസൻസ് എടുത്തിട്ടുണ്ടെന്നും അറിയാൻ സാധിക്കാത്ത അവസ്ഥയാണ്. അതിനാൽ മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ് .

2) ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതു മായി ബന്ധപ്പെട്ട് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവന്നിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം ഡി & ഒ ലൈസൻസ് ഈടാക്കിയിട്ടില്ല. മുഴുവൻ സ്ഥാപനങ്ങളിൽ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(1) റേഷൻ കടകൾ

(2) കള്ള്ഷാപ്പുകൾ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/17-18-തീയ്യതി.1.3.19) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 14-റേഷൻ കടകളും, 4 കള്ള് ഷാപ്പുകളും പ്രവർത്തിച്ച വരുന്നുണ്ടെന്നാണ് അറിയിച്ചത്

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3) പ്രതിദിന വിറ്റുവരവിനെ അടിസ്ഥാനമാക്കി ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. 625 രൂപയുടെ നഷ്ടം .വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ/കെട്ടിട നമ്പർ | പ്രതി ദിന വിറ്റു വരവ് | ഈടാക്കിയ തുക/ രസീത് നമ്പർ ₹ | ഈടാക്കേണ്ടിയിരുന്ന തുക ₹ | കുറവു വന്ന തുക ₹ |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി ചെറുപുഴ അർബൻ കോ.ഓ.സൊസൈറ്റി/ നീതി മെഡിക്കൽ ഷോപ്പ് | 2/1259 | 25000 | 100+25=125 117030101116 തി.29-6-17 | 500+125=625 | 500 |
| 2 | തോമസ് സ്കറിയ/ പ്രിയ കമ്മ്യൂണിക്കേഷൻ | 2/1024 | 8000 | 100+25=125 117030100662 തി.19-5-17 | 200+50=250 | 125 |
| | | | | | ആകെ | 625 |

കുറവുവന്ന തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഓഫിസിൽ കിയോസ്ക്-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫിസിൽ കിയോസ്ക് സ്ഥാപിക്കൽ. |
| പ്രോജക്ട് നമ്പർ | 44/2018 |
| അടങ്കൽ | 123144(ലോക ബാങ്ക് സഹായം)<br>4856(തനത്) |
| ചെലവ് | ബിൽ നമ്പർ 10/16.09.17-1,23,144 /-(ലോക ബാങ്ക് സഹായം) |

പഞ്ചായത്ത് ഓഫീസിൽ കിയോസ്ക് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി ഗ്ലോബൽ ടെലികോം , തളാപ്പ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം. 113/20.06.17 പ്രകാരം വാങ്ങിയ 21.5" Dell Touch Screen with intel Processor -കിയോസ്കിന്റെ സേവനം ഇതുവരെ പൊതുജനങ്ങൾക്ക് ലഭ്യമാക്കി തുടങ്ങിയിട്ടില്ല. ആയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (2/ 17-18/23.2.19) സൂചിക സംവിധാനം പ്രാവർത്തികമാകാത്തതിനാലാണ് സംവിധാനം പ്രവർത്തികമാക്കാത്തത് എന്നാണ് മറുപടി നൽകിയത്.

സൂചിക സംവിധാനത്തിലൂടെ മാത്രം നടപ്പിലാക്കാൻ സാധിക്കുന്നതും സ ഉ. (ആർ ടി) 241/15/തസ്വഭവ 22.07.2015 പ്രകാരം കിയോസ്ക് സ്ഥാപിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളും കെൽട്രോണുമായി കരാറിലേർപ്പടേണ്ടതും, കിയോസ്കിൽ വിന്യസിക്കുന്നതിനായി ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ error free ആണെന്ന് കിയോസ്ക് സ്ഥാപിക്കുന്നതിന് മുമ്പ് IKM ഉറപ്പു വരുത്തേണ്ടതുമാണ് എന്ന് സർക്കാർ നിർദ്ദേശവുമുള്ള പദ്ധതി അത്തരത്തിലുള്ള ഭൗതീകസാഹചര്യങ്ങളൊന്നും തയ്യാറാക്കാതെ 1,23,144/- രൂപ ചെലവഴിച്ച് 20.06.17 ന് ഉപകരണം വാങ്ങിയെങ്കിലും പ്രവർത്തന ക്ഷമമാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടുകയാണുണ്ടായത്. കൂടാതെ 20.06.17 ന് വാങ്ങിയ ഇലക്ട്രോണിക് Toucch Screen with intel Processor പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ ഉപകരണത്തിന് ലഭ്യമായേക്കാവുന്ന വാറന്റി സേവനം നഷ്ടമാവുകയും, ഉപകരണത്തിന്റെ ഗുണമേന്മ കൃത്യമായി വിലയുരുത്തുവാനോ സാധിച്ചിട്ടില്ല. കിയോസ്കിന്റെ പ്രവർത്തനരീതിയും, വാരന്റി കാലാവധിയും വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ നിലവിൽ വാറന്റി കാലാവധി നിലനിൽക്കുന്നുണ്ടോ എന്ന കാര്യം പോലും വ്യക്തമല്ല. വാങ്ങിയ ഉപകരണത്തിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചതായുള്ള രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്ക് റിപ്പയർ- പദ്ധതി നിർവ്വഹണം -അപാകങ്ങൾ- 114000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് റിപ്പയർ |
| പ്രോജക്ട് നമ്പർ | 41/2018 |
| അടങ്കൽ | 114000 (ധന കാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക / ബിൽ നം /തിയ്യതി | 114000/-<br>ബിൽ നമ്പർ 8/29.08.17 |

തെരുവ് വിളക്ക് റിപ്പയർ എന്ന പ്രോജക്ട് പ്രകാരം തെരുവ് വിളക്ക് റിപ്പയറിനായി 01.03.2017 ന് കരാറിലേർപ്പെട്ട ലിതീഷ് കെ കെ എന്ന കരാറുകാരൻ സമർപ്പിച്ച ടെൻഡർ പ്രകാരം ഒരു വർഷത്തേക്ക് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് താഴെ പറയുന്ന നിരക്കുകളാണ് ഓഫർ ചെയ്തിരുന്നത്.

| | |
|---|---|
| 11Wx2 CFL | 600 |
| 15W CFL | 300 |
| 9W to 12W LED | 300 |

മേൽ പ്രോജക്ടിന്റ നിർവ്വഹണത്തിലുണ്ടായ താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ കാരണം ചെലവ് തുകയായ 114000/- രൂപ തടസ്സപ്പെടുത്തുന്നു.

1. എഗ്രിമെന്റിന്റെ കാലാവധി ഏത് തിയ്യതിവരെയാണ് എന്ന് പരാമർശിച്ചിട്ടില്ല.

2. എഗ്രിമെന്റിൽ ഓരോ തരം വിളക്കിനും എത്ര നിരക്കാണ് അംഗീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല.

3 ഏത് രീതിയിലുള്ള പേയ്മെന്റാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് കരാറിൽ വ്യക്തമാക്കിയിട്ടില്ല

4. 19 വാർഡുകളിലുമായി 558 വിളക്കുകൾ റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രം ഹാജരാക്കി കരാറുകാരൻ തുക ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 114000/- രൂപ നൽകിയത്. പ്രസ്തുത തുക കണക്കാക്കിയതിന്റെ കൃത്യത വ്യക്തമാക്കാനായി

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം. 3 /17-18/ 23.02.19) 558 വിളക്കുകൾക്ക് 600 രൂപ നിരക്കിൽ 334800 രൂപ കണക്കാക്കി ആയതിന്റെ രണ്ട് ഘട്ടങ്ങളുടെ തുകയായ 167400 രൂപയിൽ 114000/- രൂപ കരാറുകാരന് നൽകുകയാണ് ചെയ്തത് എന്ന മറുപടിയാണ് നൽകിയത്. മാത്രമല്ല ഏത് തരം ബൾബുകളാണ് റിപ്പയർ ചെയ്തിരിക്കുന്നത് എന്ന് സാക്ഷ്യപത്രത്തിൽ വ്യക്തമല്ല. വിവിധ ബൾബുകൾക്ക് വ്യത്യസ്ത നിരക്കാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്നത് .

5. പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം (ഇനം തിരിച്ച്) ലഭ്യമല്ല. തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കെ എസ് ഇ ബിയുമായി സംയുക്തപരിശോധന നടത്തി വിളക്കുകളുടെ എണ്ണം കണക്കാക്കിയിട്ടുമില്ലാത്ത സാഹചര്യത്തിൽ വിളക്കുകളുടെ എണ്ണം കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

7. പ്രോജക്ട് പ്രകാരം ടെൻഡർ ലഭിച്ചതിൽ പി പി ശങ്കരൻ നമ്പൂതിരി എന്ന കരാറുകാരൻ സി എഫ് എൽ ഓട്ടോമാറ്റിക് ട്യൂബ് സെറ്റ് റിപ്പയർ ചെയ്യുന്നതിന് 580/- രൂപ ക്വോട്ട് ചെയ്തിരിന്നിട്ടും 600 രൂപ ക്വോട്ട് ചെയ്ത ലിതീഷ് കെ കെ എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിക്കാനുണ്ടായകാരണമായി പറഞ്ഞിരിക്കുന്നത് പി പി ശങ്കരൻ നമ്പൂതിരിക്ക് പ്രവൃത്തിയിലെ പരിചയക്കുറവ് ഭരണസമിതിക്ക് ബോധ്യമുള്ളതിനാലാണ് ലിതീഷ് കെ കെ ക്ക് ടെൻഡർ ഉറപ്പിച്ചു നൽകിയതെന്ന് എൻക്വയറിക്ക് മറുപടി നൽകിയത് . എന്നാൽ ആയത് സംബന്ധിച്ച തീരുമാനമെടുത്തതിന്റെ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8. പ്രോജക്ടിന്റെ ഭാഗമായി 558 ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കി എന്നുമാത്രമാണ് കരാറുകാരൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് . പഞ്ചായത്തിൽ .ഇത് സംബന്ധിച്ച തെരുവ് വിളക്ക് രജിസ്റ്റർ , തെരുവ് വിളക്ക്റിപ്പയർ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

9 കേടായ വൈദ്യുതി ഉപകരണങ്ങൾ തിരിച്ചേൽപ്പിച്ചതിന്റെയും പുതിയവ വാങ്ങിയതിന്റെയും രേഖകൾ സൂക്ഷിച്ചിട്ടില്ല.

10. തെരുവു വിളക്കുകളെ സംബന്ധിച്ച് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായുള്ള പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവു തുക₹ 114000 തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 അപ്പാരൽ പാർക്ക് (വനിത)- പ്രാവർത്തികമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 326/18അപ്പാരൽ പാർക്ക് (വനിത) |

| | |
|---|---|
| | |
| അടങ്കൽ | 15,00,000(വികസന ഫണ്ട് (ജ) |
| ചെലവ് | 14,31,400(വികസന ഫണ്ട് (ജ) |
| ബിൽ നം/ തിയ്യതി | 23/26.03.18 |

പഞ്ചായത്ത് ഭരണ സമിതിയുടെ 14.12.17തിയ്യതിയിലെ 8/223/2017 നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹാൾ ഉപയോഗപ്പെടുത്തി ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് തയ്യൽ ജോലിയിൽ വിദഗ്ദരായ വനിതകൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതിയായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. മെഷിനറി സ്ഥാപിച്ച് പ്രവർത്തനസജ്ജമാകുമ്പോൾ പീസ് റേറ്റിലോ, ഉല്പന്നങ്ങൾ സ്വന്തമായി നിർമ്മിച്ച് വിപണനം ചെയ്യുന്നതിനോ സാധിക്കുന്ന വിധത്തിലാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി മോഡേൺ മെഷീൻ കമ്പനി, ബസ് സ്റ്റാൻഡ്, ചെറുപുഴ, എന്ന സ്ഥാപനത്തിൽ നിന്നും 14,31,400 രൂപ വില വരുന്ന 20 തയ്യൽ മെഷീനുകളും അനുബന്ധസാമഗ്രികളും വാങ്ങിയിട്ടുണ്ട് (റിട്ടെയിൽ ഇൻവോയിസ് നം 13/19.03.18). എന്നാൽ നാളിതുവരെ പാർക്ക് പ്രവർത്തന ക്ഷമമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.4/23.02.19 ) അപ്പാരൽ പാർക്കിനാശ്യമായ വൈദ്യുതീകരണ പ്രവർത്തികൾ, സീലിംഗ് പ്രവർത്തികൾ എന്നിവ പൂർത്തിയാവാത്തതിനാലാണ് സംരംഭം ആരംഭിക്കാത്തത് എന്ന മറുപടിയാണ് നൽകിയത്. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഉണ്ടായിരിക്കേണ്ട അനുബന്ധ സൗകര്യങ്ങൾ ഒരുക്കാതെ ഒരു വർഷം മാത്രം സർവ്വീസ് വാറന്റിയുള്ള മെഷീനുകൾ വാങ്ങി ഉപയോഗിക്കാതെ സൂക്ഷിച്ചതിനാൽ 14,31,400 രൂപ വില വരുന്ന 20 തയ്യൽ മെഷീനുകൾക്കും അനുബന്ധ സാമഗ്രികൾക്കും അവയ്ക്ക് ലഭ്യമാകുന്ന സർവ്വീസ് വാറന്റി സൗകര്യം നഷ്ടപ്പെട്ടിരിക്കയാണ്. പദ്ധതിയുടെ ഫലപ്രദമായ പൂർത്തീകരണത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട പ്രവൃത്തികൾക്ക് തുക വകയിരുത്താതെ പ്രോജക്ടുകൾ തയ്യാറാക്കുന്നത് ശരിയല്ല. ശരിയായ ആസൂത്രണമില്ലാതെ വൻതുക ചെലവഴിച്ച ഉപകരണങ്ങൾ വാങ്ങി സൂക്ഷിക്കുന്നത് പദ്ധതി പണം പാഴായി പോകുന്നതിന് ഇടയാകും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിയുടെ ഫലപ്രാപ്തിക്കാവശ്യമായ അനുബന്ധസൗകര്യങ്ങൾ ഒരുക്കി വനിതകൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്നതിനായി ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച അപ്പാരൽ പാർക്ക് പ്രാവർത്തികമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 സർക്കാർ പരസ്യങ്ങൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്ന പദ്ധതിയുടെ ഭാഗമായി താഴെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം അഡ്വർടൈസ്മെന്റ് ചാർജ് ഇനത്തിൽ മാതൃഭൂമി, ഇന്ത്യൻ എക്സ്പ്രസ് എന്നീ പത്രങ്ങൾക്ക് തുക നൽകിയിട്ടുണ്ട്.എന്നാൽ ബില്ലുകൾ പരിശോധിച്ചപ്പോൾ സർക്കാർ പരസ്യങ്ങൾക്ക് GO(Rt).1/2011/പി ആന്റ് എ ആർ ഡി dt.4.11.2011,GO(Rt) No. 551/15/1&PRD 20.11.2015 എന്നിവ പ്രകാരം ലഭിക്കേണ്ട 15% ഡിസ്കൗണ്ട് അനുവദിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

വൗച്ചർ നമ്പർ- 21701404/23.03.18 – 4177/-

വൗച്ചർ നമ്പർ- 21701405/23.03.18 – 6426/-

വൗച്ചർ നമ്പർ- 21701406/23.03.18 – 64796/-

വൗച്ചർ നമ്പർ 21700870/06.01.18- 57834/-

വൗച്ചർ നമ്പർ 21700861/05.01.18- 10710/-

വൗച്ചർ നമ്പർ 21700888/16.01.18-8568/-

സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വിവിധ വർഷങ്ങളിൽ വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 147 പ്രകാരം സാധനങ്ങൾ (സ്റ്റോറുകൾ) വാങ്ങുന്ന ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതും 149(1) പ്രകാരം സ്റ്റോക്കുകളും സ്റ്റോക്ക് അക്കൗണ്ടും കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. ആർട്ടിക്കിൾ 150 പ്രകാരം 1.അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും 2. ഓഫീസ് ഫർണിച്ചറുകൾക്കും ഓഫീസ് സ്റ്റോറുകൾക്കും 3. ഫോറങ്ങൾക്കും സ്റ്റേഷനറികൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സർക്കുലർ 86/10/ഫിൻ/24-09-10 പ്രകാരം കമ്പ്യൂട്ടർ , ഹാർഡ് വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 153 പ്രകാരം വർഷത്തിലൊരിക്കലെങ്കിലും സ്റ്റോക്കുകൾ പരിശോധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ പരിശോധനാ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. സ്ഥാപനം ഇതേവരെ സമാഹരിച്ചിട്ടുള്ള സാധനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ഭവന പുനരുദ്ധാരണം-രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 60,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 163 /18ഭവന പുനരുദ്ധാരണം(എസ് ടി) |
| അടങ്കൽ | 60000(എസ് സി പി) |
| ചെലവ് തുക | 60000 |
| ബിൽ നം/ തിയ്യതി | 3/18.08.17 |

മേൽ പരാമർശിച്ച 2016-17 വർഷത്തെ സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി പട്ടിക വർഗ്ഗ വിഭാഗത്തിലെ 4 ഗുണഭോക്താക്കൾക്ക് 15000രൂപ വീതം അവസാന ഗഡുവായി നൽകിയിട്ടുണ്ട്. 2016-17 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ. ഉ.(എം. എസ്)4/2016തി 11.10.16 പ്രകാരം താഴെ കൊടുത്തിരിക്കുന്ന അർഹതാമാനദണ്ഡങ്ങൾ നിർണ്ണയിച്ച രേഖകളുടെ ആഭാവത്തിൽ ചെലവ് തുകയായ 60000/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 17 / 01..03.19)

1. എൽ എസ് ജി ഡി എഞ്ചിനീയർ അളവെടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്. ആയതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ്, വാല്യേുഷൻ എന്നിവ ഹാജരാക്കിയിട്ടില്ല.

2. വീട് നിർമ്മിച്ച് 8 വർഷം പൂർത്തിയായവർക്ക് മാത്രമേ അർഹതയുള്ളൂ. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല

## 3-7 സാംസ്കാരിക നിലയങ്ങൾക്ക് ടി വി, ഫർണിച്ചർ വാങ്ങി നൽകൽ - രേഖകൾ ഹാജരാക്കിയില്ല 266174 രൂപ തടസ്സപ്പെടുത്തുന്നു

2017-18 വർഷം താഴെ പറയുന്ന സാംസ്കാരിക നിലയങ്ങൾക്ക് ടി വി , ഫർണിച്ചർ വാങ്ങിനൽകിയിട്ടുണ്ട്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജ്കട് നമ്പർ/ പേര് | ബിൽ നമ്പർ/തിയ്യതി | തുക |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 68/18 മച്ചിയിൽ കോളനി സാംസ്കാരികനിലയത്തിന് ടി വി, ഫർണിച്ചർ വാങ്ങൽ അടങ്കൽ 79000 | 19/14.03.18 | 79000 |

| | | | |
|---|---|---|---|
| | (scp) | | |
| | 94/18 ഭൂദാനം കോളനി സാംസ്കാരികനിലയത്തിന് ടി വി, ഫർണിച്ചർ വാങ്ങൽ 100000 (scp) | 20/14.03.18 | 97750 |
| | 66/18 പാമ്പങ്കല്ല് കോളനി സാംസ്കാരികനിലയത്തിന് ടി വി, ഫർണിച്ചർ വാങ്ങൽ 89432 (scp) | 9/08.01.18 | 89424 |
| | ആകെ | | 266174 |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ഉപകരണങ്ങൾ കൈപ്പറ്റിയതായുള്ള സാംസ്കാരിക നിലയങ്ങളിൽനിന്നുള്ള കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല.

3. പദ്ധതി നടത്തിപ്പിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ കാരണം ചെലവ് തുക 266174/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി അപാകതകൾ - 10 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| | പ്രോജ്കട് നമ്പർ പേര് | 48/18പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |

| | | |
|---|---|---|
| | അടങ്കൽ | 1000000(എസ് സി പി) |
| | ചെലവ് | 700000 |
| | ബിൽ നം/തിയ്യതി/തുക | 12/16.01.18/3,50,000/- |
| | | 13/19.01.18/1,00,000/- |
| | | 15/19.02.18/75,000/- |
| | | 16/23.02.18/50,000/- |
| | | 17/14.03.18/50,000/- |
| | | 23/22.03.18/50,000/- |
| | | 24/28.03.18/25,000/- |
| 2 | പ്രോജ്കട് നമ്പർ പേര് | 57/18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| | അടങ്കൽ | 5,00,000(എസ് സി പി) |
| | ചെലവ് | 3,00,000 |
| | ബിൽ നം/തിയ്യതി/തുക | 07/20.11.17/75,000<br>11/16.01.18/2,25,000/- |

സ ഉ (സാധാ ) നം1683/2017/തസ്വഭവ തി.23.05.17 പ്രകാരം അനുബന്ധത്തിലെ ക്രമ നം 23 പ്രകാരം 50000/- രൂപ മാത്രമാണ് പഠനമുറിക്കുള്ള അഡ്വാൻസായി അനുവദിക്കാവുന്നത്, ഉത്തരവിന് വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 75000/- രൂപ അഡ്വാൻസായി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | അവസാനഗഡു അനുവദിച്ച തിയ്യതി |
|---|---|---|

| | | |
|---|---|---|
| പട്ടിക വർഗ്ഗം | | |
| ഗോപി കെ | 75000 | 16/16.01.18-3,50,000 |
| രവി കെ | 75000 | 16/23.02.18-50000 |
| ജയചന്ദ്രൻ | 75000 | 15/19.02.18-75000 |
| ജാനകി ടി കെ | 75000 | 15/19.02.18-75000 |
| സന്തോഷ് ഇ | 75000 | 12/16.01.18-3,50,000 |
| പട്ടിക ജാതി | | |
| സരോജിനി പി എൻ | 75000 | 18/14.03.18-50000 |
| സിന്ധു വി | 75000 | 18/14.03.18-50000 |

സർക്കാർ ഉത്തരവ് പ്രകാരം പദ്ധതി നടപ്പിലാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പഠനമുറിയുടെ നിർമ്മാണം മുന്നോട്ട് കൊണ്ടുപോകാൻ സാമ്പത്തികമായി ബുദ്ധിമുട്ടുള്ള ഗുണഭോക്താക്കളെ സഹായിക്കുന്നതിനാണ് 25000/- രൂപ അധികമായി അഡ്വാൻസ് നൽകിയിട്ടുള്ളതെന്നാണ് മറുപടി നൽകിയത്. സർക്കാർ നിർദ്ദേശപ്രകാരം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ ഉ (സാധാ ) നം1683/2017/തസ്വഭവ തി.23.05.17 പ്രകാരം അനുബന്ധത്തിലെ ക്രമ നം 23 പ്രകാരം നിലവിലുള്ള 800 ച. അടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കാവുന്നതാണ്. ആയതിന് അനുവദനീയമായ ഒരു ലക്ഷം രൂപയിൽ 50000/- അഡ്വാൻസായി നൽകാവുന്നതാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റ അടിസ്ഥാനത്തിൽ തുക അനുവദിക്കാവുന്നതാണ്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പഠനമുറിക്ക് ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളുടെ നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം, നിർമ്മിച്ച/ നിർമ്മിക്കാനുദ്ദേശിക്കുന്ന പഠനമുറിയുടെ വിസ്തീർണ്ണം എന്നിവ വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2. പഠനമുറിയുടെ നിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ താഴെകൊടുത്തിരിക്കുന്ന ഗുണഭോകക്താക്കൾ ഇതേവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പട്ടിക ജാതി

1 ഗോവിന്ദൻ ടി

2. ഉഷ

പട്ടിക വർഗ്ഗം

1. സന്തോഷ്

2. സിന്ധു വി

പൂർത്തീകരിക്കാത്ത പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ അപാകങ്ങൾ കാരണം 10,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 വർഷം ഏപ്രിൽ, മെയ് മാസങ്ങളിൽ 31419 രൂപ വീതവും മറ്റുമാസങ്ങളിൽ 39000/- രൂപ വീതവും ആയി ആകെ 452838/- രൂപ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി ഒടുക്കിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം വ്യക്തമാക്കുന്ന രേഖകൾ, കെ എസ് ഇ ബി യുമായി നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് , തെരുവ് വിളക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കുകയുണ്ടായില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ വിളക്കുകൾക്ക് മാത്രമാണ് വൈദ്യുതചാർജ്ജ് ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതും, ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് ചാർജ്ജ് ഒടുക്കുന്നുള്ളു എന്ന് ഉറപ്പുവരുത്തുന്നതിന് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുമാണ്.

## 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | | |
|---|---|---|
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| 1 | പ്രോജക്റ്റ് നമ്പർ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (നം.82/18) |
| | അടങ്കൽ | 500000 വികസന ഫണ്ട് |
| | ആകെ ചെലവ് | 500000(ബിൽ നം 4/21.02.18) |
| | ഗുണഭോക്താക്കളുടെ എണ്ണം | 80 |
| 2 | പ്രോജക്റ്റ് നമ്പർ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (നം.104/18) |
| | അടങ്കൽ | 2,50,000 വികസന ഫണ്ട് |
| | ആകെ ചെലവ് | 2,50,000 (ബിൽ നം 5/21.02.18) |

| | |
|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | 20 |

മേൽ പട്ടികയിൽ പരാമർശിച്ച 2017-18 വർഷം വെറ്റിനറി സർജ്ജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയുടെ ഭാഗമായി 100 ഗുണഭോക്താക്കളുടെ വിഹിതമായി 7,50,000 രൂപ എസ് എൽ ബി പി ഡപ്യൂട്ടി ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടരിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-11 എസ്.എസ്.എ. പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

എസ്.എസ്.എ വിഹിതം നൽകൽ എന്ന രണ്ടു പദ്ധതികൾ പ്രകാരം 858268 രൂപ എസ്.എസ്.എയ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

(1)എസ്.എസ്.എ വിഹിതം നൽകൽ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്.<br>വാഴക്കുണ്ടം. |
| പ്രോജക്ട് നം. | 79/18 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ. |
| അടങ്കൽ | ₹ 842882-വികസന ഫണ്ട്. |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | 1/2017-18/11.8.2017 /₹842882 |

2എസ്.എസ്.എ വിഹിതം നൽകൽ.

| | |
|---|---|
| പ്രോജക്ട് നം. | 333/18 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ. |
| അടങ്കൽ | ₹ 15386 |
| ചെലവ് | 9/2017-18/14.2.2018 |

| | |
|---|---|
| ബിൽ നം/തീയ്യതി/തുക | /₹15386. |

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-12 രേഖകൾ ലഭ്യമാക്കിയില്ല - 778472 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്., വാഴക്കുണ്ടം.

2017-18 ൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീതുകളും, രേഖകളും ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1. ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം.

| | |
|---|---|
| പ്രോജക്ട് നം. | 72/18 |
| പ്രോജക്ടിന്റെ പേര് | ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം. |
| അടങ്കൽ | ₹ 125010. |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | 7/2017-18/15.1.2018 /₹74240<br>8/2017-18/15.1.2018 /₹39960<br>13/2017-18/17.3.2018 /₹8880 |

മേൽ പദ്ധതി പ്രകാരം സൈക്കിൾ ലഭിച്ച 27 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്. പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ, സൈക്കിൾ വിദ്യാർത്ഥികൾ കൈപ്പറ്റിയതിന്റെ വിവരം എന്നിവ ഹാജരാക്കാത്തതിനാലും, ഇവ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/17-18-തീയ്യതി.25.2.19) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും 123080 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(2) പട്ടികവർഗ്ഗത്തിൽപ്പെട്ട ബിരുദ /ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം.

| | |
|---|---|
| പ്രോജക്ട് നം. | 74/18 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ ബിരുദ /ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം. |
| അടങ്കൽ | ₹ 300000-വികസന ഫണ്ട്-എസ്.സി.പി |
| ചെലവ് ബിൽ നം/തീയ്യതി/തുക | 10/2017-18/19.2.2018 /₹299500 |

മേൽ പദ്ധതി പ്രകാരം ലാപ് 'ടോപ് ലഭിച്ച 10പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് .പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ , ഈ പദ്ധതി പ്രകാരം ലാപ് ടോപ്പ് കൈപ്പറ്റിയ ശ്രീ വൈശാഖ് കെ വി യുടെ സർവ്വകലാശാല രജിസ്ട്രേഷൻ രേഖകൾ, ലാപ് 'ടോപ് വിദ്യാർത്ഥികൾ കൈപ്പറ്റിയതിന്റെ വിവരം എന്നിവ ഹാജരാക്കാത്തതിനാലും, ഇവ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/17-18-തീയ്യതി.25.2.19) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും 299500 രൂപയുടെ ചലവ് തടസ്സത്തിൽവെയ്ക്കുന്നു.

(3) പട്ടികജാതിയിൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് ലാപ് 'ടോപ് വിതരണം.

| | |
|---|---|
| പ്രോജക്ട് നം. | 75/18 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ് 'ടോപ് വിതരണം. |
| അടങ്കൽ | ₹ 150000-വികസന ഫണ്ട്-എസ്.സി.പി |
| ചെലവ് ബിൽ നം/തീയ്യതി/തുക | 11/2017-18/19.2.2018 /₹149750 |

മേൽ പദ്ധതി പ്രകാരം ലാപ് 'ടോപ് ലഭിച്ച 5പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ, ലാപ് ടോപ് വിദ്യാർത്ഥികൾ കൈപ്പറ്റിയതിന്റെ വിവരം എന്നിവ ഹാജരാക്കാത്തതിനാലും, ഇവ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/17-18-തീയ്യതി.25.2.19) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും 149750 രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു.

4 രേഖകൾ ലഭ്യമാക്കിയില്ല .

(1)പഠനനിലവാരം ഉയർത്തൽ പദ്ധതി പ്രകാരം വാങ്ങിച്ച 22390 രൂപയുടെ പുസ്തകങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകൾക്ക് താഴെ കൊടുത്ത വിധം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വാങ്ങിച്ച് വിതരണം ചെയ്ത പുസ്തകങ്ങൾ സ്കൂളുകളിൽ ലഭിച്ചതായുള്ള കൈപ്പറ്റ് രസീതും, സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 81/18 |
| പ്രോജക്ടിന്റെ പേര് | പഠനനിലവാരം ഉയർത്തൽ. |
| അടങ്കൽ | ₹ 50000-വികസന ഫണ്ട്. |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | 12/2017-18 /17.3.2018 /₹22390 |

| ക്രമ നമ്പർ | ബിൽ നമ്പർ | സ്കൂളിന്റെ പേര്. | പുസ്തകങ്ങളുടെ എണ്ണം | പുസ്തകങ്ങളുടെ ആകെ വില ₹ |
|---|---|---|---|---|
| 1 | 101-102 | GVHSS. പുളിങ്ങോം | 53 | 3205 |
| 2 | 111-112 | GHSS പ്രാപ്പോയിൽ | 54 | 3203 |
| 3 | 116-117 | SNDP LP തിരുമേനി | 33 | 3208 |
| 4 | 124-125 | St.Augustin LPS കോഴിച്ചാൽ | 32 | 3200 |
| 5 | 127,130 | GLPS വാഴക്കുണ്ടം | 51 | 3204 |
| 6 | 131-132 | St.Joseph UPSജോസ്ഗിരി | 52 | 3204 |
| 7 | 349-350 | JMUPS ചെറുപുഴ | 44 | 3205 |
| | | | ആകെ | 22429 |

| | | | | |
|---|---|---|---|---|
| | | | കിഴിവ് | 39 |
| | | | | 22390 |

എന്നാൽ പ്രസ്തുത വിദ്യാലയങ്ങൾ പുസ്തകങ്ങൾ കൈപ്പറ്റിയതിനുള്ള കൈപ്പറ്റ് രസീത് സ്റ്റോക്ക് റജിസ്റ്റർ സഹിതം ഹാജരാക്കാത്തതിനാലും ഇവ ഹാജരാക്കുന്നതിനുവേണ്ടി നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (11/17-18-തീയ്യതി.25.2.19) മറുപടികൾ ഒന്നും ലഭ്യമാക്കാത്തതിനാലും 22390 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5.ഉപകരണങ്ങൾ/ഫർണിച്ചറുകൾ കൈപ്പറ്റിയതിന്റെ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

(1) വാഴക്കുണ്ടം ജി.എൽ.പി.സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ.
(ഈ പദ്ധതിയിൽ 2500/- രൂപ നിരക്കിൽ 7 മേശ, 1500/- രൂപ നിരക്കിൽ 3 ബഞ്ച്, 3600/- രൂപ നിരക്കിൽ 5 ചാര് ബഞ്ച്, 7500/- രൂപയുടെ ഒരു സ്റ്റീൽ ഷെൽഫ്, 2500/- രൂപയുടെ ഒരു സ്റ്റീൽ ടേബിൾ എന്നിവയാണ് വാങ്ങിയത്)

| | |
|---|---|
| പ്രോജക്ട് നം. | 325/18 |
| പ്രോജക്ടിന്റെ പേര് | വാഴക്കുണ്ടം ജി.എൽ.പി.സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹ 50000-മെയിന്റനൻസ് ഫണ്ട്. |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | 6/2017-18/12.1.2018 /₹50000 |

(2) വാഴക്കുണ്ടം ജി.എൽ.പി.സ്കൂളിന് സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കൽ.

| | |
|---|---|
| പ്രോജക്ട് നം. | 330/18 |
| പ്രോജക്ടിന്റെ പേര് | വാഴക്കുണ്ടം ജി.എൽ.പി.സ്കൂളിന് സ്മാർട്ട് ക്ലാസ്സ് റൂംസ്ഥാപിക്കൽ. |
| അടങ്കൽ | ₹ 138752 |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | 4/2017-18/30.12.2017 /₹124738<br>5/2017-18/30.12.2017 /₹9014 |

മേൽ രണ്ട് പദ്ധതികൾ പ്രകാരം വാങ്ങിച്ച 183752രൂപയുടെ (50000 + 133752) ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ കൈപ്പറ്റിയതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കുവാൻ ആവശ്യപ്പട്ടുവെങ്കിലും ഇവ ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ 183752 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 പെയിൻ&പാലിയേറ്റീവ് പരിചരണം - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

സ.ഉ(സാധാ)നം 3217/2015/ത.സ്വ.ഭ.വ തീയ്യതി 29.10.15 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ്കമ്മിറ്റി (PMC) രൂപീകരിച്ച്. രണ്ടു മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. ചെറുപുഴ ഗ്രാമപഞ്ചായത്തിലെ PMC യുടെ യോഗം 2017-18 സാമ്പത്തിക വർഷത്തിൽ 12.4.17, 24.8.17, 22.11.17, 20.3.2018 നം ചേർന്നിട്ടുണ്ട്.

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എല്ലാമാസവും 5-ാം തീയ്യതിക്കുമുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ്കെയർ നിർവ്വഹണംവിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ട് പ്രതിമാസ യോഗങ്ങൾക്കിടയിലും ഈ കമ്മിറ്റിക്ക് യോഗം ചേരാം. പ്രസ്തുത കമ്മിറ്റിയുടെ യോഗം 2017-18 സാമ്പത്തിക വർഷത്തിൽ യഥാസമയം ചേർന്നിട്ടില്ല. യഥാസമയത്ത് യോഗങ്ങൾ വിളിച്ച് ചേർത്ത് പെയിൻ&പാലിയേറ്റീവ് കെയറിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും പെയിൻ&പാലിയേറ്റീവ് പരിചരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-14 കൺവീനർ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിലെ

**അപാകങ്ങൾ – വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.**

2016-17 ,2017-18 വർഷങ്ങളിൽ വിവിധ മരാമത്ത് പ്രവർത്തികൾ കൺവീനർ മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്ന 5% മൂല്യവർദ്ധിത നികുതി ഉൾപ്പെടുത്തിയാണ് ഈ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയാറാക്കിയിരുന്നത്. ഇതിൽ പലപ്രവർത്തികളും ചരക്കുസേവനതികുതി നിലവിൽ വന്ന 1-7-2017 ന് ശേഷം പൂർത്തിയാക്കി അവസാന ബിൽ തുക നൽകിയവയുമാണ്. എന്നാൽ എസ്റ്റിമേറ്റ് 5% മൂല്യവർദ്ധിത നികുതി ഉൾപ്പെടുത്തിയാണ് തയാറാക്കിയിരുന്നതെങ്കിലും 1-7-2017 ൽ ചരക്കുസേവനതികുതി നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ 5% മൂല്യവർദ്ധിത നികുതി ഉൾപ്പെടെയുള്ള തുക കുറവ് വരുത്താതെ പ്രവർത്തി ഏറ്റെടുത്ത കൺവീനർക്ക് നൽകിയതായിട്ടാണ് കാണുന്നത്. ഇതുമൂലം 5% മൂല്യവർദ്ധിത നികുതിക്കു തുല്യമായ തുക കൺവീനർക്ക് അധികം നൽകാനിടയായിട്ടുണ്ട്. ഇപ്രകാരം അധികമായി നൽകിയ തുക തിരിച്ചടയ്ക്കാനാവശ്യപ്പെട്ട് ചില കൺവീനർമാർക്ക് കത്തയച്ചതായി ഫയലിൽ കാണുന്നുണ്ടെങ്കിലും തുക തിരികെ ലഭിച്ചതിൻെറ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ചില കൺവീനർമാർക്ക് കത്തയച്ചതായും കാണുന്നില്ല.

അപാകത സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ15) ലഭ്യമാക്കിയ മറുപടിയിൽ 10പ്രവർത്തികളാണ് 1-7-2017 ന് ശേഷം പൂർത്തിയാക്കി അവസാന ബിൽ തുക നൽകിയതെന്നും , ഇതിൽ ഒരു പ്രവർത്തിയുടെ പാർട്ട് ബില്ലിൽ നിന്നും 5% മൂല്യവർദ്ധിത നികുതി കുറച്ചുവെന്നും, 8 കൺവീനർമാർക്ക് നോട്ടീസ് നൽകിയെന്നും, ഇതിൽ 2 പേർ തുക തിരിച്ചടച്ചെന്നും ,ബാക്കി കൺവീനർമാരിൽ നിന്നും തുക തിരിച്ചുപിടിക്കുമെന്നുമാണ് അറിയിച്ചത്.

എന്നാൽ 1-7-2017 ന് ശേഷം പൂർത്തിയാക്കി അവസാന ബിൽ തുക നൽകിയ എല്ലാ കൺവീനർമാർക്കും നോട്ടീസ് നൽകിയെന്നും ,മറുപടിയിൽ ചേർത്തിട്ടുണ്ട്. ഇതു തെറ്റാണ്, പ്രോ. നമ്പർ 278/18 ചുണ്ട – മാക്കുണ്ഡം- ലിങ്ക് റോഡ് ടാറിംഗ് പ്രവർത്തി കൺവീനർക്ക് നോട്ടീസ് അയച്ചിട്ടില്ല.

അതിനാൽ 1-7-2017 ന് ശേഷം പൂർത്തിയാക്കി അവസാന ബിൽ തുക നല്കിയ എല്ലാ പ്രവൃത്തികളുടെ കൺവീനർമാരിൽ നിന്നും അധിക തുക തിരിച്ചുപിടിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-15 കാനം വയൽ പുഴയ്ക്ക് കുറുകെ പാലം നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 46/18 - കാനം വയൽ പാലം നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് |

| | |
|---|---|
| | നൽകൽ |
| അടങ്കൽ | 442800 (തനത്) |
| ചെലവ് | 442800 (തനത്) |
| ബിൽ നം/തിയ്യതി | 1) .21700630/28.10.17-92800/-<br>2). 2170059/9.10.17-3,50,000/- |

കാനം വയൽ പുഴയ്ക്ക് കുറുകെ പാലം നിർമ്മാണത്തിനായി Scheduled Tribes Development Department (STDD} ൽ നിന്ന് ജി ഒ (ആർ ടി) നം. 1201/2014/SCSTDD TVM/25.07.14 പട്ടികജാതി കോർപ്പസ് ഫണ്ടിൽ (Critical Gap Filling Scheme) നിന്നും 1.5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയും ഫണ്ടും STDD ഡയറക്ടറുടെ PM1/13546/2014(5) തിയ്യതി14.10.14 നമ്പർ നടപടിക്രമങ്ങളിലൂടെ ITDP പ്രോജക്ട് ഓഫിസറെ ഏല്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ITDP പ്രോജക്ട് ഓഫിസർ C-2399/14 DATED 16.12.14നമ്പർ നടപടിക്രമത്തിലൂടെ 2014-15 വർഷം പ്രവൃത്തിപൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ തുക സെക്രട്ടറിക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഇതേ വരെ പൂർത്തീകരിക്കുകയുണ്ടായില്ല. പ്രവൃത്തിയുടെ ഭാഗമായി റിവൈസ്ഡ് എസ്റ്റിമേറ്റ്, ഡിസൈൻ, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ ചാർജ്ജിനത്തിലുള്ള അഡ്വാൻസ് തുകയായി 2016-17 വർഷം 1,00,000 രൂപയും 2017-18 വർഷം 4,42,800/-രൂപയും എൽ എസ് ജി ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. നിലവിൽ പ്രവൃത്തി എൽ എസ് ജി ഡി എ ഇയെയും ഇറിഗേഷൻ എ ഇ യെയും സംയുക്തമായാണ് പ്രവൃത്തി എല്പിച്ചിരിക്കുന്നത്. എന്നാൽ 2014-15 വർഷം ഭരണാനുമതിയും ഫണ്ടും അനുവദിച്ചുകിട്ടിയിട്ടും വിവിധ സാങ്കേതിക പ്രശ്നങ്ങൾ കാരണം ഇതേവരെ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി ഭരണാനുമതി ലഭിച്ച പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ബിറ്റുമിൻ വാങ്ങൽ - 96369 രൂപ ഇപ്പോഴും ബി പി സി എൽ കമ്പനിയുടെ പക്കൽ– തുക തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17, 2017-18 ൽ ബിപിസി.എൽ. നിന്നും. ബിറ്റുമിൻ വാങ്ങുന്നതിന് 37,30,300 രൂപ കൈമാറിയിട്ടുണ്ട് ആവശ്യപ്പെട്ടയത്രയും ബിറ്റുമിൻ ബാരലുകൾ ബിപിസി.എൽ.കമ്പനിയിൽ നിന്ന് ലഭിച്ചുവെങ്കിലും വില കുറവുമൂലം നൽകിയ 3730300 രൂപയിൽ 3633931രൂപയുടെ ബിറ്റുമിൻ മാത്രമാണ് ലഭിച്ചിരിക്കുന്നത്. ബാക്കി 96369 രൂപ ഇപ്പോഴും ബി പി സി എൽ കമ്പനിയുടെ പക്കലുണ്ട്. ഈ തുക തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | ആവശ്യപ്പെട്ട ടാർ-ബാരൽ എണ്ണം | വൌച്ചർ നം. | നൽകിയ തുക(രൂപയിൽ) |
|---|---|---|---|
| 1<br>2 | VG 30 542<br>RS1 54 | 21601182 /14-3-2017<br>21700067/19.4.2017 | 2937926<br>7,92,374 |
| ആകെ | | | 3730300 |

ലഭിച്ച ടാറിൻെറ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ടാർ സപ്ളൈ ചെയ്ത സ്ഥാപനം | ബിറ്റുമിൻ ഇനം | ബാരൽ എണ്ണം | ഇൻവോയ്സ് നമ്പർ /തിയതി | തുക |
|---|---|---|---|---|
| ബിപിസി.എൽ.കൊച്ചിൻ. | VG30 | 100 | 6300098496 / 25-3-2017 | 539768 |
| “ | “ | 27 | 6300100343 /29-3-2017 | 145737 |
| “ | “ | 100 | 6300002388/ 8-4-2017 | 532298 |
| “ | “ | 100 | 6300003353/11-4-2017 | 532298 |
| “ | “ | 100 | 6300006017/ 19-4-2017 | 502795 |
| “ | “ | 41 | 6300006314/ 19-4-2017 | 206146 |
| “ | “ | 77 | 6300019613/ 23-5-2017 | 396498 |
| | | 60 | 6300018324/19-5-2017 | 308959 |
| | | 30 | 6300022446/31-5-2017 | 154480 |
| ആകെ | | 635 | | 3318979 |
| ബിപിസി.എൽ.കൊച്ചിൻ. | RS1 | 31 | 6300100344/ 29-3-2017 | 209803 |
| “ | “ | 16 | 6300019614/ 23-5-2017 | 105149 |
| ആകെ | | 47 | | 314952 |
| ഒട്ടാകെ | | | | 3633931 |

## 3-17 കരാർ ഒപ്പിടാൻ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല

2012 ലെ കേരള പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനകം കരാർ വയ്ക്കണമെന്നും തുടർന്നുള്ള 10 ദിവസം വരെ കരാർ തുകയുടെ 1% പിഴയോടുകൂടി കരാർ ചമയ്ക്കാം എന്നും വ്യവസ്ഥ ഉണ്ടെങ്കിലും കരാർ ഒപ്പിടുന്നതിൽ കാലതാമസം വരുത്തിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല.

1) പ്രോജക്ട് നം 177/18 ചുണ്ട-വാഴക്കുണ്ടം പള്ളി റോഡ് പുനരുദ്ധാരണം

നിർവ്വഹണം . അസി.എഞ്ചിനീയർ

എഗ്രിമെൻറ് നമ്പർ AE/LSGD/CPZ/83/16-17 തിയതി 25-2-2017

ബിൽ നമ്പർ 37/17-18 തി. 30-6-2018 – 152639 രൂപ

2.5 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പ്രവൃത്തി 23-1-17 ലെ 21/17-ാം നമ്പർ തീരുമാനപ്രകാരം 0.02 % കുറഞ്ഞ നിരക്കിലുള്ള (249751/- രൂപ) ശ്രീ ജോസ് അഗസ്റ്റ്യന്റെ ടെണ്ടർ അംഗീകരിച്ച് 30-1-17 ൽ സെലക്ഷൻ നോട്ടീസ് നൽകി . നോട്ടീസ് പ്രകാരം13-2-17 വരെ പിഴയില്ലാതെയും 23-2-17 വരെ 1% പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നായിരുന്നു. എന്നാൽ കരാറുകാരൻ 25-2-17 നാണ് കരാർ ഒപ്പിട്ടിരിക്കുന്നത് എങ്കിലും എഗ്രിമെന്റ് കാലതാമസത്തിന് പിഴ ഈടാക്കിയില്ല. ഇതു മൂലം 2498 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

1 പിഴയില്ലാതെ പൂർത്തീകരണ സമയം നീട്ടി നൽകുന്നു

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. വ്യവസ്ഥ 2112 പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചു കിട്ടുന്നതിന്, കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന, കാലാവധി തീരുന്നതിന് മുമ്പ് അപേക്ഷിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചു നൽകിയാൽ പിഴയീടാക്കാനും അതിൻെറ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിൻെറ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും രണ്ടാം തവണ കരാർ തുകയുടെ 2 ശതമാനവും ഈടാക്കണമെന്നുമാണ്. എന്നാൽ ധാരാളം മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതെ, പിഴ ഒഴിവാക്കി സമയം ദീർഘിപ്പിച്ചു നൽകുന്നതായി കാണുന്നു.

2 എസ്റ്റിമേറ്റ് പുതുക്കൽ-എഞ്ചിനീയറുടെ റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നില്ല.

ധാരാളം മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി പുതുക്കി നൽകുന്നതായി കാണുന്നുണ്ട്. എന്നാൽ ഭരണസമിതി തീരുമാനം ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും എസ്റ്റിമേറ്റ് പുതുക്കാനുണ്ടായ കാരണം വ്യക്തമാക്കുന്ന എഞ്ചിനീയറുടെ റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ, ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ മേൽ പരാമർശിച്ചിരിക്കുന്ന പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥകളനുസരിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ,അപാകതകൾ ഒഴിവാക്കുന്നതിന് ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 85000 | പച്ചക്കറികൃഷിക്ക് കൂലിചെലവ് | 85000 | 0 |
| | | 285000 | മഴമറ നിർമ്മിച്ച് പച്ചക്കറി കൃഷി | 285000 | 0 |
| | | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 943656 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 943656 | 0 |
| | 2017-18 | 1189491 | ലൈഫ് ഭവനപദ്ധതി | 0 | 1189491 |
| | 2017-18 | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 275000 | 0 |
| | 2017-18 | 200000 | പാലിയേറ്റീവ് | 178965 | 21035 |

| | | | | | |
|---|---|---|---|---|---|
| | | | കെയർ | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പ | സ.ഉ(സാധാ) 90/2013 /തസ്വഭവ തി. 14-3-2013 | 4500000 | 2035134 | 825453 | - | 1209681 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1277/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പേരും ഉദ്യോഗപ്പേരും | |
| 1998-99 | 28 | 1277 | കെ ദാമോധരൻ ,മുൻ സെക്രട്ടി | 117030103152/13-12-17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ച തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് എൻക്വയറി നമ്പർ | വിഷയം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 10/2017-18 | ശമ്പള പരിഷ്ക്കരണം | 488 | സെക്രട്ടറി |
| 13/2017-18 | ടാർ വില | 22060 | സെക്രട്ടറി |
| 16/2017-18 | ഡി &ഓ ലൈസൻസ് | 1875 | സെക്രട്ടറി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 106865790 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 134092722 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 625 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2218646 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2(3) | 625 | | ശ്രീ ഒ.എം. ജോർജ് , സെക്രട്ടറി |
| ആകെ | 625 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,14,000 | ശ്രീ ഒ.എം.ജോർജ് , സെക്രട്ടറി |
| 3-6 | 60,000 | ശ്രീമതി കൗസല്യ.എസ് എം. അസി. സെക്രട്ടറി |
| 3-7 | 266174 | ശ്രീമതി കൗസല്യ.എസ് എം. അസി. സെക്രട്ടറി |
| 3-8 | 10,00,000 | ശ്രീമതി കൗസല്യ.എസ് എം. അസി. സെക്രട്ടറി |
| 3-12 | 778472 | ശ്രീ ചന്തുക്കുട്ടി വീരാച്ചേരി, ഹെഡ് മാസ്റ്റർ |
| ആകെ | 2218646 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഒ.എം.ജോർജ് , സെക്രട്ടറി | സെക്രട്ടറി, ഉദയഗിരി ഗ്രാമപഞ്ചായത്ത് | ഓലിക്കുന്നേൽ ഹൗസ്,കാർത്തികപുരം പി ഒ ,കണ്ണൂർ ജില്ല |
| ശ്രീമതി കൗസല്യ.എസ് എം. അസി. സെക്രട്ടറി | അസി. സെക്രട്ടറി,ചെറുപുഴ ഗ്രാമപഞ്ചായത്ത് | ശൗര്യമാക്കൽ ഹൗസ്, ഇരുപത്തഞ്ച്, കണിവയൽ പി ഒ |
| ശ്രീ ചന്തുക്കുട്ടി വീരാച്ചേരി, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ നരമ്പിൽ ജി എൽ പി എസ് | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ./സി.1/2082/17 | 3 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ./സി.1/2082/17 | 2 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ./സി.1/2082/17 | 2 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ./സി.1/2082/17 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ./സി.1/2082/17 | 2 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ./സി.1/2082/17 | 2 |
| 2009-10 2010-11 | കെ.എസ്.എ/കെ.എൻ.ആർ./സി.1/2082/17 | 20 |

| | | |
|---|---|---|
| 2011-12<br>2012-13 | കെ.എസ്.എ/കെ.എൻ.ആർ./സി.1/2082/17 | 5 |
| 2013-14-,<br>2014-15 | കെ.എസ്.എ./കെ.എൻ.ആർ<br>/സി4-1048/2016 17-06-2016 | 18 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി.1/<br>2189/2016 തീ. 01.02.2017 | 13 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ.<br>/സി.1/1649/17 തീ. 02.11.2017 | 14 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.1/357/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 25.04.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# Cherupuzha Grama Panchayat RECEIPT & PAYMENT STATEMENT

| |
|---|
| Cherupuzha Grama Panchayat RECEIPT & PAYMENT STATEMENT |

| | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 44370717.23 |
| Cash | Cash | RP-40(a) | 304980.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1455036.00 |
| 140000000 | Fees & User Charges | RP-4 | 569635.00 |
| 150000000 | Sale & Hire Charges | RP-5 | 97885.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 78340432.00 |
| 171000000 | Interest Earned | RP-9 | 440354.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14651850.00 |
| 350000000 | Other Liabilities | RP-36 | 799548.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 1277.00 |
| 311000000 | Earmarked Funds | RP-29 | 27581.00 |
| 340000000 | Deposits Received | RP-34 | 238476.00 |
| 350000000 | Other Liabilities | RP-36 | 385393.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8578930.00 |
| 460000000 | Loans, Advances and Deposits | RP-47 | 1279393.00 |
| | Grand total | | 151541487.23 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3926374.00 |
| 220000000 | Administrative Expenses | RP-12 | 1956009.00 |
| 230000000 | Operations & Maintenance | RP-13 | 1509552.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 12439553.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20604304.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 897184.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 465833.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 455520.00 |
| 255000000 | Maintenance Projects | RP-20 | 16400040.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1182784.00 |
| 280000000 | Prior Period item | RP-26 | -3067.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11212.00 |
| 350000000 | Other Liabilities | RP-36 | 8408789.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1129820.00 |
| 270000000 | Provisions and Write off | RP-23 | 0.0 |
| 280000000 | Prior Period Item | RP-26 | -172.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 38000.00 |
| 330000000 | Secured Loans | RP-32 | 666750.00 |
| 340000000 | Deposits Received | RP-34 | 278795.00 |
| 350000000 | Other Liabilities | RP-36 | 4611728.00 |
| 410000000 | Fixed Assets | RP-38 | 20400334.00 |
| 412000000 | Capital work in Progress | RP-40 | 1602910.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 33367170.00 |
| 460000000 | Loans, Advances and Deposits | RP-47 | 3743300.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17289537.23 |
| Cash | Cash | RP-40(b) | 159228.00 |
| | Grand Total | | 151541487.23 |

## അനുബന്ധം-2-2

# Cherupuzha Grama Panchayat INCOME & EXPENDITURE STATEMENT

| |
|---|
| Cherupuzha Grama Panchayat INCOME & EXPENDITURE STATEMENT |

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7386905.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1413080.00 |
| 140000000 | Fee & User Charges | I-4(b) | 981041.00 |
| 150000000 | Sale & Hire Charges | I-5(b) | 112785.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 162256610.00 |
| 171000000 | Interest Earned | I-8 | 440354.00 |
| 180000000 | Other Income | I-9 | 1277.00 |
| | Total Income | | 172592052.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11221424.00 |
| 220000000 | Administrative Expenses | I-11(b) | 1956009.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 1509552.00 |
| 240000000 | Interest & Finance Charges | I-13 | 1129820.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 16411553.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41217568.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 897184.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 465833.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 60608380.00 |
| 255000000 | Maintenance Projects | I-14(e) | 16400040.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 5317605.00 |

| | | | |
|---|---|---|---|
| 270000000 | Provisions and Write off | I-16 | 0.0 |
| 272000000 | Depreciation | I-17(a) | 6477899.00 |
| | Total Expenditure | | 163612867.00 |
| | Gross Surplus/ Deficit of income over Expenditure | | 8979185.00 |
| 280000000 | Prior Period Item | I-18 | -46322.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 9025507.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 2-3

# Cherupuzha Grama Panchayat BALANCE SHEET

| | | | |
|---|---|---|---|
| Cherupuzha Grama Panchayat<br>BALANCE SHEET | | | |
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 27695773.55 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 17112.00 |
| 312000000 | Reserves | B-3 | 80155203.00 |
| | Total Reserve & Surplus | | 107868088.55 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10065929.23 |
| | Total Grants, Contributions for Specific Purposes | | 10065929.23 |
| | Loans | | |
| 330000000 | Secured Loans | B-5 | 1209681.00 |
| | Total Loans | | 1209681.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2314009.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 2015460.45 |
| | Total Current Liabilities and Provisions | | 4329469.45 |
| | TOTAL LIABILITIES | | 123473168.23 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 92587589.00 |
| 411000000 | Accumulated Depreciation | B-11 | -24312001.00 |
| 412000000 | Capital Work in Progress | B-11(a) | 100000.00 |
| | Total Fixed Assets | | 68375588.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 33706848.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 1209681.00 |
| 450000000 | Cash and Bank Balance | B-17 | 17448765.23 |

| | | | |
|---|---|---|---|
| 460000000 | Loand, Advances and Deposits | B-18 | 2732286.00 |
| | Total Current Assets, Loans and Advances | | 55097580.23 |

| | |
|---|---|
| Total Current Assets, Loans and Advances | 0.0 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 123473168.23 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.